പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4058 | 21.10.2016 ൽ മറുപടിക്ക്

# റോഡപകട നിയന്ത്രണ സംവിധാനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി ഇ.എസ്.ബിജിമോൾ<br>,, ഗീതാ ഗോപി<br>ശ്രീ.കെ. രാജൻ<br>,, മുഹമ്മദ് മുഹസിൻ പി | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കർശന റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് റഡാറുകൾ, വേഗതയളക്കുന്ന ഉപകരണങ്ങൾ, വീഡിയോ ക്യാമറകൾ, ജി.പി.എസ്/ജി.ഐ.എസ്. എന്നിവ സജ്ജമാക്കിയിട്ടുള്ള അപകടനിയന്ത്രണ സംവിധാനങ്ങളുടെ ഉപയോഗം ഊർജ്ജിതമാക്കുമോ; | (എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് വാഹന പരിശോധനയ്ക്കായി അത്യാധുനിക സംവിധാനമുള്ള സ്പീഡ് റഡാറുകളും ഇന്റർസെപ്റ്ററുകളും ഉപയോഗിക്കുന്നുണ്ട്.<br>കേരളത്തിൽ ഓടുന്ന അപകടകരമായ വസ്തുക്കൾ വഹിച്ചുകൊണ്ടുള്ള ചരക്കു വാഹനങ്ങൾ, ബസുകൾ എന്നിവയിൽ ജി.പി.എസ് സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനായുള്ള പ്രാരംഭ നടപടികൾ സിഡാക്കുമായി ചേർന്നു നടത്തിവരുന്നു.<br>ചേർത്തല മുതൽ മണ്ണുത്തി വരെ ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കണ്ണൂർ, തൃശ്ശൂർ പാലക്കാട് എറണാകുളം, കോട്ടയം എന്നീ ജില്ലകളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) യാത്രാവാഹനങ്ങൾ സുരക്ഷ മാന ദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്നും ഇൻഷ്വറൻസ് പരിരക്ഷയും, അന്തരീക്ഷ മലിനീകരണമില്ലായ്മയും ഉറപ്പാക്കുന്നുണ്ടെന്നും പരിശോധിക്കുന്നതിന് നടപടി കൈക്കൊള്ളുമോ; | (ബി) വാഹന പരിശോധനകളിൽ, വാഹനങ്ങൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്നും, ഇൻഷ്വറൻസ്, പുക സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്. |
| (സി) സംസ്ഥാന-ദേശീയ പാതകളുടെ 10 കിലോമീറ്റർ ചുറ്റളവിലെങ്കിലും അപകടങ്ങൾ കൈകാര്യം ചെയ്യാനുതകുന്ന ട്രോമാകെയർ യൂണിറ്റ് സൗകര്യം ഉറപ്പാക്കാൻ മോട്ടോർ വാഹന വകുപ്പ് മുൻകൈ എടുക്കുമോ; വിശദീകരിക്കുമോ? | (സി) ട്രോമാകെയർ യൂണിറ്റ് സംവിധാനം നിലവിൽ മോട്ടോർ വാഹന വകുപ്പിന്റെ പരിഗണനയിലില്ല. ഇക്കാര്യത്തിൽ നടപടിയെടുക്കേണ്ടത് ആരോഗ്യ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ